Sri. K. P. Nilakanta Pillai: Then why did he come here?

Sri. C. Kesavan: He might have had many matters to discuss with this Government.

ഡിലിമിറേഷൻ കമ്മിറ്റി

*ക്ര. ന. (൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി സഭയെ മറുപടി പറയുമോ.—

(എ) ഡിലിമിറേഷൻ കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ചു് ഗവണ്മെന്റിനു് എത്ര ചെലവുവന്നിട്ടുണ്ടു് ;

(ബി) ഡിലിമിറേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടു് പാർലമെന്ററി കമ്മിറ്റി പരിശോധിച്ചതു സംബന്ധിച്ചു് ഗവണ്മെന്റിലേക്കു വല്ല ചെലവും ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(സി) ഡിലിമിറേഷൻ കമ്മിറ്റി റിപ്പോർട്ടിൽ ഇവിടത്തെ ക്യാബിനറ്റു് വല്ല വ്യത്യാസവും വരുത്തിയോ ; വരുത്തിയെങ്കിൽ പൊതുജനപ്രതിനിധികളോടു് ആലോചിച്ചുവോ ;

(ഡി) ഡിലിമിറേഷൻ കമ്മിറ്റിക്കു ഗവണ്മെന്റിൽനിന്നു വല്ല നിർദ്ദേശവും കൊടുത്തിരുന്നോ ?

ഈ ചോദ്യത്തിന്റെ എ–ബി ഭാഗങ്ങൾക്കു് മുമ്പു് ഉത്തരം പറഞ്ഞിട്ടുണ്ടു്. സി–ഡി ഭാഗങ്ങൾക്കു് ഉത്തരം കിട്ടിയാൽമതി.

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): (സി) അത്യാവശ്യമെന്നതോന്നിയ ചില വ്യത്യാസങ്ങൾ വരുത്തി. അസംബ്ലിയിൽ ഇതിനെപ്പറ്റി വാദപ്രതിവാദങ്ങൾ നടത്തിയിട്ടുണ്ടു്.

(ഡി) ഇലക്ഷൻ കമ്മീഷൻ അയച്ചുതന്ന നിർദ്ദേശങ്ങൾ കമ്മിറ്റിക്കു കൊടുത്തിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : പാർലമെന്ററി കമ്മിറ്റിയുടെ റിപ്പോർട്ടു് ഗവണ്മെന്റു് പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : അതു ഇലക്ഷൻ കമ്മിറ്റിയാണു് പരിശോധിക്കുന്നതു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഗവണ്മെന്റിന്റെ അഭിപ്രായം അറിയാതെയാണോ ഇലക്ഷൻ കമ്മീഷൻ ഡിലിമിറേഷൻ അവസാനമായി തീരുമാനിച്ചതു് ?

ശ്രീ. എ. ജെ. ജോൺ : ഡിലിമിറേഷൻ സംബന്ധിച്ചു് ഇലക്ഷൻ കമ്മീഷനു് പൂർണ്ണമായ അധികാരമുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഇലക്ഷൻ കമ്മീഷന്റെ അംഗങ്ങളും ആരെല്ലാമാണെന്നു പറയാമോ ?

ശ്രീ. എ. ജെ. ജോൺ : തിരു–കൊച്ചിയിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള പാർലമെന്റു് മെമ്പറന്മാരിൽ ചിലർ.

ശ്രീ. എ. കെ. പാച്ചുപിള്ള : ഈ അസംബ്ലിയിലെ പ്രതിപക്ഷത്തിന്റെ അഭിപ്രായംകൂടി ഇലക്ഷൻ കമ്മീഷനു് അയച്ചുകൊടുത്തിട്ടുള്ള നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : ഈ അസംബ്ലി അവസാനമായി അംഗീകരിച്ച നിർദ്ദേശങ്ങളും അയച്ചുകൊടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ആ നിർദ്ദേശങ്ങളും എന്തെല്ലാമാണെന്നു പറയാമോ ?

ശ്രീ. എ. ജെ. ജോൺ : അതു ഡിലിമിറ്റേഷൻ നടത്തുന്നതിനെ സംബന്ധിച്ചു നിർദ്ദേശങ്ങളാണു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഇവിടെനിന്നും ഇലക്ഷൻ കമ്മീഷനു അയച്ചുകൊടുത്തിട്ടുള്ളതു എതെല്ലാം നിർദ്ദേശങ്ങളാണു് ?

ശ്രീ. എ. ജെ. ജോൺ : ഡിലിമിറ്റേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടും പാർലിമെൻറി കമ്മിറ്റിയുടെ റിപ്പോർട്ടും ഈ അസംബ്ലി അംഗീകരിച്ചു നിർദ്ദേശങ്ങളുമെല്ലാം ഇലക്ഷൻ കമ്മീഷനു അയച്ചുകൊടുത്തിട്ടുണ്ടു്.

ഡിലിമിറ്റേഷൻ കമ്മിറ്റി റിപ്പോർട്ടു്

*ക്വസ്റ്റ്യൻ. (൯) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഡിലിമിറ്റേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടു് തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറു് അംഗീകരിച്ചോ ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ) : ഇല്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഈ റിപ്പോർട്ടു് ഗവണ്മെൻറിന്റെ പരിഗണനയ്ക്കു് വിധേയമായിട്ടു് എത്ര കാലമായി എന്നു പറയാമോ ?

ശ്രീ. എ. ജെ. ജോൺ : ഡിലിമിറ്റേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടു് പരിശോധിച്ചു് അവസാനമായി തീരുമാനം ചെയ്യാനുള്ള അധികാരം ഈ ഗവണ്മെൻറിനില്ല. അതു ഇലക്ഷൻ കമ്മീഷൻ ചെയ്യേണ്ട കാര്യമാണു്. അതുകൊണ്ടു് റിപ്പോർട്ടു് ഇലക്ഷൻ കമ്മീഷനു അയച്ചുകൊടുത്തിരിക്കയാണു്.

ശ്രീ. എ. താണുപിള്ള : ഡിലിമിറ്റേഷനെ സംബന്ധിച്ച അവസാന തീരുമാനമുണ്ടാകുന്നതിനു് എത്രകാലം വേണ്ടിവരുമെന്നു ഗവണ്മെൻറിനു വല്ല അറിവുമുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : ഇതുവരെ യാതൊരു അറിവുമില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള : ഡിലിമിറ്റേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടിനെ അതേപടി അനുകൂലിച്ചുകൊണ്ടാണൊ ഗവണ്മെൻറു് റിപ്പോർട്ടയച്ചിട്ടുള്ളതു് ?

ശ്രീ. എ. ജെ. ജോൺ : അല്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : ഡിലിമിറ്റേഷനെ സംബന്ധിച്ചു് പൊതുജനങ്ങൾക്കു ധാരാളം പരാതികളുണ്ടെന്നു അറിയാമോ ?

ശ്രീ. എ. ജെ. ജോൺ : അറിഞ്ഞുകൂടാ.

സെയിൽസു് ടാക്സു്

*ക്വസ്റ്റ്യൻ. (൯) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ക്വസ്റ്റ് ൪൦-ൽ തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറിനു് സെയിൽസ്ടാക്സു്മൂലം എത്ര രൂപാ കിട്ടി;

LIBRARY ARCHIVES Kerala Legislative Assembly